


# ബീഡിംഗ് ഫൂട്ട്

**ഈ പരിശീലനപാഠത്തിൽ ഉഷാ ജനോമി ബീഡിംഗ് ഫൂട്ട് ഉപയോഗിച്ച് ബീഡ് സ്ട്രിങ്ങുകൾ എങ്ങനെ അലങ്കരിക്കാമെന്നു നിങ്ങൾ പഠിക്കും.**




വസ്ത്രങ്ങളും വസ്തുക്കളും മുത്തുകൾ ഉപയോഗിച്ച് അലങ്കരിച്ചിരിക്കുന്നത് നിങ്ങൾ എത്രയോ തവണ കണ്ടിട്ടുണ്ട്... അതുപോലെ ചെയ്യണം എന്ന് ആഗ്രഹിച്ചിട്ടുണ്ട്... എന്നാൽ ഒരോരോ മുത്തുകളായി കോർക്കുന്നതിന്റെ ബുദ്ധിമുട്ട് അറിയാമല്ലോ... ഇതാ അതിനുള്ള എളുപ്പവഴി... ഈ പരിശീലന പാഠത്തിൽ നിങ്ങൾ അതാണ് പഠിക്കാൻ പോകുന്നത്... ബീഡ് സ്ട്രിങ്ങ്സ് ഉപയോഗിച്ച് ആകർഷകമാക്കുന്നതിനായി ഉഷാ ജെനോമി ബീഡിങ്ങ് ഫൂട്ട്... എല്ലാത്തരത്തിലും ഉള്ള മുത്തുകൾ തുന്നുന്നതിനും നിങ്ങളെ ഉഷാ ജെനോമി ബീഡിങ്ങ് ഫൂട്ട് സഹായിക്കും... മുത്തുകളുടെ വലിപ്പം രണ്ട് ദശാംശം അഞ്ച് എം എമ്മിനും നാല് എം എമ്മിനും ഇടയിലുള്ള തടി ഗ്ലാസ്സ് പേൾ തുടങ്ങി എല്ലാ മുത്തുകളും നിങ്ങൾക്ക് തുന്നാം... എങ്ങനെ ഇത് എളുപ്പമാകുന്നു എന്ന് അറിയാൻ ആകാംക്ഷയായെങ്കിൽ നമുക്ക് ആരംഭിക്കാം... ഈ അദ്ധ്യായത്തിന് നിങ്ങൾക്ക് ആവശ്യമുള്ള വസ്തുക്കൾ: ഉഷാ ജെനോമീ ബീഡിങ്ങ് ഫൂട്ട്, ബീഡിങ്ങ് പരിശീലിക്കുന്നതിനായി ഒരു തുണിക്കഷ്ണം, ബീഡഡ് ലെയ്സ്, കോർഡ്, മുത്തുകളുടെ വ്യാസം രണ്ട് ദശാംശം അഞ്ച് എം എമ്മിനും നാല് എം എമ്മിനും ഇടയിൽ ആയിരിക്കണം... സുതാര്യമായ നൂല്, കത്രിക... ബീഡഡ് ലെയ്സ് സ്ട്രിപ്പ് തുണിയുടെ കുറുകെ വയ്ക്കുക... എന്നിട്ട് അളന്ന് മുറിക്കുക... രണ്ട് അറ്റാച്ച്¬മെന്റുകൾ ഉള്ള ബീഡിങ്ങ് ഫൂട്ട് ഉപയോഗിക്കുക... സാധാരണ പ്രസ്സർ ഫൂട്ട് മാറ്റി ബീഡിങ്ങ് ഫൂട്ട് ഘടിപ്പിക്കുക...









ബീഡിങ്ങ് ഫുട്ടിന്റെ ഗ്രൂവിന് അടിയിൽ ഇതുപോലെ മുത്തുകളുടെ നിര ഇതുപോലെ വയ്ക്കുക... സിഗ് സാഗ് സ്റ്റിച്ച് സെല്കട് ചെയ്യുക... സ്റ്റിച്ച് വിഡ്ത്ത് നാലും സ്റ്റിച്ച് ലെങ്ങ്ത് രണ്ട് ദശാംശം അഞ്ചും ആക്കുക... സ്റ്റാർട്ട് അമർത്തുക എന്നിട്ട് കുറഞ്ഞ വേഗതയിൽ മുത്തുകളുടെ നിരയിലൂടെ നേർ–രേഖയിൽ തയ്ച്ച് തുടങ്ങുക... വസ്ത്രത്തിൽ മുത്തുകൾ സുരക്ഷിതമാക്കുന്നതിന് ക്രിസ്ക്രോസ്സ് രീതിയിൽ സൂചി ചലിക്കുന്നത് എങ്ങനെ എന്ന് നിങ്ങൾക്ക് കാണുവാൻ സാധിക്കും...

അറ്റം എത്തിക്കഴിയുമ്പോൾ, നൂല് മുറിക്കുക എന്നിട്ട് നിങ്ങളുടെ ആദ്യത്തെ മുത്ത് തുന്നലിന്റെ ആകർഷകത എത്രത്തോളമെന്ന് നിരീക്ഷിക്കുക... സന്തോഷമായില്ലേ... ഇത് മുത്തുകൾ തുന്നാൻ ആഗ്രഹിച്ചിരുന്ന വസ്ത്രങ്ങളിൽ പരീക്ഷിക്കുവാൻ നിങ്ങൾ ആകാംക്ഷാഭരിതരാണെന്ന് എനിക്കുറപ്പാണ്... നോക്കൂ ഈ നെക്ക് പീസ്സ് മുത്തുകളാൽ നിർമ്മിച്ചതാണ്, ഇത് മനോഹരമല്ലേ...
നൂലുകൾക്ക് പകരം കൂടുതൽ ആകർഷകമാക്കുവാൻ നിങ്ങൾക്ക് ഇത്തരത്തിലുള്ള ചരടുകളും ഉപയോഗിക്കാം... വിവിധ തരം മുത്തുകൾക്കും ചരടുകൾക്കുമായി നിങ്ങൾ മാർക്കറ്റിൽ ചെല്ലുമ്പോൾ മനസ്സിലാകും ഈ ഫുട്ട് ഉപയോഗിച്ച് നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന്... ഈ ഫുട്ട് അറ്റാച്ച്മെന്റ് ഉപയോഗിച്ച് തുണികളിൽ മുത്തുകളും ചരടുകളും തുന്നിച്ചേർക്കുന്നതുപോലെ പേപ്പറിലും പ്ലാസ്റ്റിക്കിലും എന്തിന് ജൂട്ടിൽ പോലും തുന്നിച്ചേർക്കുവാൻ സാധിക്കും...